**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **08-02-2023 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന കർഷകരുടെ ആശ്രിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷകർക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി ഉണ്ടായ സംഭവങ്ങൾ അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. 2022-23 വർഷത്തിൽ 5 കർഷകർക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വയനാട്, മലപ്പുറം ജില്ലകളിൽ ഓരോ കർഷകനും കണ്ണൂർ ജില്ലയിൽ മൂന്ന് കർഷകരും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.** |
| (ബി) | വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്ന കർഷകരുടെ ആശ്രിതർക്ക് കൃഷി വകുപ്പ് എന്തെങ്കിലും സഹായങ്ങൾ നൽകാറുണ്ടോ; അറിയിക്കുമോ; | (ബി) | കൃഷി വകുപ്പ്, സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിപ്രകാരം അംഗങ്ങളായ കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്കായി, പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി, വന്യമൃഗ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.<br><br>വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം വനം/ റവന്യൂ വകുപ്പ് മുഖാന്തിരമാണ് സർക്കാർ അനുവദിക്കുന്നത്. |
| (സി) | വനപ്രദേശത്തോട് ചേർന്ന സ്ഥലങ്ങളിൽ വന്യജീവികൾ മൂലമുണ്ടാകുന്ന കൃഷി നാശത്തിനും അവയുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | കൃഷി വകുപ്പ്, സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിപ്രകാരം അംഗങ്ങളായ കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്കായി, പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി, വന്യമൃഗ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.<br><br>വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം വനം/ റവന്യൂ വകുപ്പ് മുഖാന്തിരമാണ് സർക്കാർ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ